വരെ പണി തീർന്നിട്ടില്ല. പണി ആരംഭിക്കുന്നതിനു മുമ്പ് കാറും ജീപ്പും ഒക്കെ സഞ്ചരിച്ചിരുന്ന ഒരു ഗ്രാമീണ റോഡാണ്. അതിപ്പോൾ പി.ഡബ്ലിയു.ഡി. റോഡായപ്പോൾ കുണ്ടും കുഴിയുമായി. ഇപ്പോൾ കാള വണ്ടിക്കുപോലും അതുവഴി സഞ്ചരിക്കാൻ പാടില്ലാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. എം. എൽ. എ. എന്നുള്ള നിലയിൽ ആ സ്ഥലത്തേക്ക് ചെല്ലാൻ പാടില്ലാത്ത ഗതിയാണ് എനിക്കിപ്പോഴുള്ളത്. കാരണം എന്റെ കഴിവുകേടുകൊണ്ടാണ് ആ റോഡിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തത് എന്നാണ് പറയുന്നത്. അതുപോലെ പല റോഡുകളുടേയും കാര്യം പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രി എന്നെ ആ നാട്ടിൽ കയറാൻ അനുവദിക്കണം. ദൈവത്തെ ഓർത്ത് എന്നെ രക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അളനാട്—ഉള്ളനാട്—അന്തിനാട് റോഡ് എട്ടു കിലോമീറ്ററിൽ കൂടുതൽ നീളമുള്ള റോഡാണ്. ഏകദേശം നാലര കിലോമീറ്ററോളം മെറ്റലിംഗ് കഴിഞ്ഞിട്ടുണ്ട്. ബാക്കി കുറേ ഭാഗങ്ങളിലേക്ക് ആവശ്യമായ മെറ്റൽ എല്ലാം കളക്ട് ചെയ്തിട്ടുണ്ട്. അതിന്റെ പണി 1984—ൽ തീർക്കേണ്ടതായിരുന്നു. ഒരു വർഷം കൂടി നീട്ടിക്കൊടുത്തു. ഇപ്പോഴും പണി തീർത്തിട്ടില്ല. അതിനുശേഷം പല നോട്ടീസുകളും അയച്ചു. ഇപ്പോൾ ഫൈനലായിട്ട് നോട്ടീസ് നൽകിയിരിക്കുകയാണ്. അതിനും മറുപടി തന്നില്ലെങ്കിൽ വേറൊരു കോൺട്രാക്ടറെ ഏൽപ്പിക്കേണ്ടിവരും. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് അപേക്ഷിക്കുവാനുള്ളത് അങ്ങയുടെ നിയോജകമണ്ഡലത്തിൽ അങ്ങേക്ക് പോകണമെങ്കിൽ ആ റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് അനുയോജ്യമായ ഒരു കോൺട്രാക്ടറെ കണ്ടു പിടിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ്.

(3) വടക്കാഞ്ചേരിയിലേയും സമീപപ്രദേശങ്ങളിലേയും ശുദ്ധജലക്ഷാമം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, വടക്കാഞ്ചേരി പഞ്ചായത്തും സമീപ പഞ്ചായത്തുകളും ശുദ്ധജലക്ഷാമത്താൽ കൊടുമ്പിരിക്കൊണ്ട പ്രദേശങ്ങളാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അവിടെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തീകരിച്ച് നിലയിൽ എത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ലൈൻ മൂന്നു കിലോമീറ്ററോളം വലിച്ചാൽ മാത്രമേ അവിടെ കണക്ഷൻ എടുക്കാൻ പറ്റുകയുള്ളൂ. കോൺട്രിബ്യൂഷൻ കൊടുത്താലേ കണക്ഷൻ കിട്ടുകയുള്ളൂ എന്ന നിഗമനത്തിൽ നിൽക്കുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. അതിനുള്ള അലോട്ട്മെന്റ് ഇതുവരേയും ആയിട്ടില്ല എന്നു പറയുന്നു അതുകൊണ്ട് ഉടനടിതന്നെ അതിനുവേണ്ട നടപടികൾ നടത്തണം. അവിടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ നടപ്പാക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും, ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1982—83—ൽ ആരംഭിച്ച പണിയാണ്. ഈ പദ്ധതിക്ക് ഏകദേശം 170 കോടി രൂപ മതിപ്പു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്തായാലും ഇത് ഉടനടി പൂർത്തിയാക്കാൻ കഴിയും. 14 ഗ്രാമങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നതാണ്. മിക്കവാറും പണികളെല്ലാം പൂർത്തിയായി. അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കണ്ടെത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly